"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്-ചിറ്റുമല ബ്ലോക്ക് പഞ്ചായത്ത്-2008-09 വർഷം 'വികലാംഗർക്ക് ഉപകരണം വാങ്ങൽ' എന്ന പദ്ധതിയിൽ സബ്സിഡി മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി സ്കൂട്ടി വാങ്ങി നൽകുന്നതിന് 1,24,700/-രൂപ ചിലവ് ചെയ്ത നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(എഎ)വകുപ്പ്**

സ.ഉ.(സാധാ) നം.1748/2025/LSGD തീയതി,തിരുവനന്തപുരം, 15-07-2025

---

പരാമർശം:- തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടറുടെ 18.06.2025 ലെ LSGD/PD/17512/2025-AM3 നമ്പർ കത്ത്

**ഉത്തരവ്**

കൊല്ലം ജില്ലയിലെ ചിറ്റുമല ബ്ലോക്ക് പഞ്ചായത്തിൽ 2008-09 വർഷം മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ "വികലാംഗർക്ക് ഉപകരണം വാങ്ങൽ" എന്ന പ്രോജക്ടിൽ സബ്സിഡി മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി T V S സ്കൂട്ടി വാങ്ങി നൽകിയത് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ ടി വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-10 പ്രകാരം 1,24,700/- രൂപ തടസ്സപ്പെടുത്തുകയുണ്ടായി. പ്രസ്തുത കാലയളവിൽ ഭിന്നശേഷിക്കാർക്ക് കൈകൊണ്ടു ഉപയോഗിക്കുന്നതോ, മോട്ടോർ മുഖേന പ്രവർത്തിക്കുന്നതോ ആയ ട്രൈസൈക്കിളുകൾ നൽകാനാണ് അനുമതി ഉണ്ടായിരുന്നതെന്നും സ്കൂട്ടർ പോലെ വിലപിടിച്ച ഉപകരണങ്ങൾ നൽകിയത് ദുർവിനിയോഗമാണെന്നാണ് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ പരാമർശിച്ചിരുന്നുവെങ്കിലും പുനരഭിപ്രായ കുറിപ്പിൽ സർക്കാർ സാധൂകരണം ലഭിക്കുന്ന മുറക്ക് പരാമർശം ഒഴിവാക്കുന്നതാണെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പട്ടികജാതി വിഭാഗത്തിൽപ്പെട്ട നിർദ്ധനരായ ഭിന്നശേഷിക്കാരായ രണ്ടു ഗുണഭോക്താക്കൾക്ക് യാത്രാമാദ്ധ്യമം എന്നതിലുപരി ഉപജീവനമാർഗ്ഗം എന്ന ലക്ഷ്യത്തോടെയാണ് മുച്ചക്രവാഹനം വാങ്ങി നൽകിയതെന്നും, ആനുകൂല്യം ലഭിച്ച രണ്ടു ഗുണഭോക്താക്കളും നിലവിലും പ്രസ്തുത വാഹനങ്ങൾ ഉപയോഗിച്ച് ലോട്ടറി കച്ചവടം നടത്തി ഉപജീവന മാർഗ്ഗം കണ്ടെത്തുന്നതിനാലും പദ്ധതിനിർവ്വഹണത്തിൽ ക്രമക്കേടുകൾ ഒന്നും തന്നെ ഇല്ലാത്തതിനാലും ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി തീരുമാനവും, കൊല്ലം ജില്ലാതല ഓഡിറ്റ് മോണിട്ടറിംഗ് സമിതിയുടെയും ശിപാർശ അംഗീകരിച്ച് "വികലാംഗർക്ക് ഉപകരണം വാങ്ങൽ" എന്ന പ്രോജക്ടിൽ സബ്സിഡി മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി T VS സ്കൂട്ടി വാങ്ങി നൽകുന്നതിന് 1,24,700/- രൂപ ചെലവഴിച്ച ചിറ്റുമല ബ്ലോക്ക് പഞ്ചായത്തിന്റെ നടപടി സാധൂകരിച്ച് നൽകണമെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. "വികലാംഗർക്ക് ഉപകരണം വാങ്ങൽ" എന്ന 2008-09 ലെ പ്രോജക്ടിൽ സബ്സിഡി മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി T VS

സ്കൂട്ടി വാങ്ങി വാങ്ങി നൽകുന്നതിന് 1,24,700/-രൂപ ചിലവ് ചെയ്ത, ചിറ്റുമല ബ്ലോക്ക് പഞ്ചായത്തിന്റെ നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

GANGA G R

അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, കേരളം, തിരുവനന്തപുരം

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം

സെക്രട്ടറി, ചിറ്റുമല ബ്ലോക്ക് പഞ്ചായത്ത്

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, സ്വരാജ് ഭവൻ, നന്തൻകോട്, തിരുവനന്തപുരം

വെബ് &ന്യൂ മീഡിയ

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Jayakrishnan. K
Date: 15-07-2025 13:27:01

സെക്ഷൻ ഓഫീസർ